(സി) ഇത്തരം സംവിധാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാനാകാത്തതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നാഷണൽ മിഷൻ ഓൺ എഡ്യൂക്കേഷൻ ത്രൂ ഇൻഫർമേഷൻ ടെക്നോളജി & കമ്മ്യൂണിക്കേഷൻ (എൻ.എം.ഇ.ഐ.സി.ടി.) പദ്ധതിയിൽപ്പെടുത്തി ഈ വർഷം എന്തൊക്കെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനാകും എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 1. എല്ലാ ക്ലാസ് റൂമുകളും സ്മാർട്ട് ക്ലാസ് റൂം ആക്കിക്കഴിഞ്ഞു.

2. നാഷണൽ മിഷൻ ഓൺ എഡ്യൂക്കേഷൻ ത്രൂ ഇൻഫർമേഷൻ ടെക്നോളജി ആന്റ് കമ്മ്യൂണിക്കേഷൻ (N.M.E.I.C.T) പദ്ധതി പ്രകാരം എല്ലാ പോളിടെക്നിക്കുകളിലും അതിവേഗ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കി.

3. ചെന്നൈ NITTTR വികസിപ്പിച്ച ഇലക്ട്രോണിക് പഠനസഹായികൾ എല്ലാ പോളിടെക്നിക്കുകളിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു.

(ബി) വിവിധ സർക്കാർ പോളിടെക്നിക്കുകളിൽ 20-40 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കി.

(സി) സമയബന്ധിതമായി നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ഈ പദ്ധതി പ്രകാരം എല്ലാ പോളിടെക്നിക്കുകളിലും അതിവേഗ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കി.

ശാസ്ത്ര സാങ്കേതിക വിദ്യാലയങ്ങളിലെ പഠനകാലയളവിൽ വിദ്യാർത്ഥികൾക്ക് വ്യാവസായിക വൈദഗ്ദ്ധ്യം ലഭ്യമാക്കുന്നതിന് പദ്ധതികൾ

72 (2077) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക വിദ്യാലയങ്ങളിലെ പഠന കാലയളവിൽ തന്നെ വിദ്യാർത്ഥികൾക്ക് വ്യാവസായിക വൈദഗ്ദ്ധ്യം ലഭ്യമാക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് ;

(ബി) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ലാറ്റക്സ് ലൈഫ് കെയറും തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജും വ്യാവസായ വിദ്യാഭ്യാസ മേഖലാ വികസനം പ്രാവർത്തികമാക്കാനായി എന്തൊക്കെ പരിപാടികളാണ് നടപ്പിലാക്കിവരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനായി ഈ രണ്ട് സ്ഥാപനങ്ങളുമായി എന്തൊക്കെ കരാറുകളിലാണ് ഒപ്പിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പഠനകാലത്ത് വിദ്യാർത്ഥികൾക്ക് വ്യാവസായികോൽപ്പാദന പരിശീലനം നൽകുന്നതിന്റെ ഭാഗമായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് ?

ഉത്തരം

(എ) സാങ്കേതിക വിദ്യാലയങ്ങളിലെ പഠന കാലയളവിൽ തന്നെ വിദ്യാർത്ഥികൾക്ക് വ്യാവസായിക വൈദഗ്ദ്ധ്യം ലഭ്യമാക്കുന്നതിനായി വ്യവസായ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുള്ള സൗകര്യം നൽകുന്നുണ്ട്. ഇത്തരം പ്രോജക്ടുകൾ കണ്ടുപിടിക്കുന്നതിനായി സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ചിന്റെ നേതൃത്വത്തിൽ വ്യവസായ പ്രതിനിധികളുമായി നിരന്തരമായി ബന്ധപ്പെടുകയും ഇൻഡസ്ട്രി-ഇൻസ്റ്റിറ്റ്യൂട്ട് മീറ്റ് നടത്തുകയുമുണ്ടായി. ഇതിന്റെ തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു. പത്തോളം വ്യാവസായിക സ്ഥാപനങ്ങളും എഞ്ചിനീയറിംഗ് കോളേജുകളുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. കൂടാതെ സിലബസിന്റെ ഭാഗമായിത്തന്നെ ഇൻഡസ്ട്രിയൽ ട്രെയിനിംഗ്, ഇൻഡസ്ട്രിയൽ വിസിറ്റ്സ് തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. അവസാന വർഷ പ്രോജക്ട് പലപ്പോഴും വ്യവസായ കേന്ദ്രങ്ങളുമായി സഹകരിച്ചാണ് ചെയ്തുവരുന്നത്.

(ബി) ഹിന്ദുസ്ഥാൻ ലാറ്റക്സ് ലൈഫ് കെയറും തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജും കോളേജ് -വ്യവസായ മേഖലാ വികസനം പ്രാവർത്തികമാക്കാനായി ധാരണാ പത്രം ഒപ്പിട്ടിട്ടുണ്ട്. ഇതുപ്രകാരം വിദ്യാർത്ഥികൾക്ക് വ്യാവസായിക പ്രോജക്ടുകൾ നൽകാനും അദ്ധ്യാപകർക്ക് പരിശീലന പരിപാടികളിൽ പങ്കെടുക്കാനും ഉള്ള സൗകര്യം ലഭിക്കും. കൂടാതെ കോളേജും ഈ സ്ഥാപനവും ചേർന്ന് കൂട്ടായി നൂതന പ്രോജക്ടുകൾ ഏറ്റെടുക്കാനും കോളേജിലെ വിഭവശേഷി ഈ സ്ഥാപനത്തിലെ പരിശീലന പരിപാടികൾക്ക് ലഭ്യമാക്കാനുമുള്ള നടപടികൾ തുടർന്നുവരുന്നു.

(സി). മേൽപ്പറഞ്ഞ പരിപാടികൾ നടപ്പിലാക്കാൻ ഒരു ധാരണാപത്രം 2009 നവംബർ 25-ന് ഒപ്പിടുകയും അതനുസരിച്ച് വിവിധ പരിപാടികളിൽ സഹകരിക്കുകയും ചെയ്യുന്നുണ്ട്.

(ഡി) വിദ്യാർത്ഥികൾക്ക് വ്യാവസായിക സംബന്ധിയായ പ്രോജക്ടുകൾ കണ്ടുപിടിക്കാനും, അവ നടപ്പിലാക്കാനും വേണ്ട സഹായം സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് നിർവ്വഹിക്കുന്നുണ്ട്.

കൂടുതൽ വ്യവസായ സ്ഥാപനങ്ങളുമായി സംസ്ഥാന വ്യാപകമായിത്തന്നെ വിദ്യാർത്ഥികൾക്ക് വ്യാവസായിക പരിശീലനം നൽകുന്നത് സംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly